LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കർഷക ആത്മഹത്യകൾക്ക് പരിഹാരമായി ആശ്രിതർക്ക് ഉക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് ഉക അനുവദിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

കർഷക ആത്മഹത്യ

165 (1636) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വിലയിടിവിനെ തുടർന്ന് എത്ര കർഷകർ ആത്മഹത്യ ചെയ്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആത്മഹത്യ ചെയ്ത എത്ര കർഷകരുടെ കുടുംബത്തിന് എത്ര ഉക വീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വിലയിടിവിനെത്തുടർന്ന് 20 കർഷകർ ആത്മഹത്യ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം

166 (1638) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി താൽക്കാലികമായി നിയമനം ലഭിച്ചവർക്കുള്ള വേതനം മാസങ്ങളായിട്ടും വിതരണം ചെയ്തിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരിമിതമായ ശമ്പളത്തിൽ (7500 ക) ജോലിചെയ്യുവരുന്ന കൃഷി വകുപ്പിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?